**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2525** **23-02-2026 - ൽ മറുപടിയ്ക്ക്**

**തൃക്കാക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | തൃക്കാക്കര മണ്ഡലത്തിൽ 2016 -17 മുതൽ 2025 -26 വരെയുള്ള കാലയളവിൽ വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; | (എ) | 2016 -17 മുതൽ 2025 -26 വരെ വ്യവസായ വകുപ്പിനു കീഴിൽ, തൃക്കാക്കര മണ്ഡലത്തിൽ സംരംഭക സഹായ പദ്ധതി മുഖേന 44 യൂണിറ്റുകൾക്ക് 3.92 കോടി രൂപയും പ്രധാനമന്ത്രി തൊഴിൽദായക പദ്ധതിയനുരിച്ച് 169 പേർക്ക് 1.53 കോടി രൂപയും നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി പ്രകാരം 26 യൂണിറ്റുകൾക്ക് 55 ലക്ഷം രൂപയും പ്രധാനമന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിങ് എന്റർപ്രൈസസ് പദ്ധതി പ്രകാരം 27 യൂണിറ്റുകൾക്ക് 49 ലക്ഷം രൂപയും ഒരു കുടുംബം ഒരു സംരംഭം പദ്ധതിയനുസരിച്ച് 44 യൂണിറ്റുകൾക്ക് 3 ലക്ഷം രൂപയും സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭ ഇൻഷ്വറൻസ് പദ്ധതി പ്രകാരം 52 യൂണിറ്റുകൾക്ക് 2.40 ലക്ഷം രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്. ഈ പദ്ധതികൾ നിലവിലും തുടരുന്നു. ഈ സംരംഭങ്ങളെല്ലാം വിജയകരമായി പ്രവർത്തിക്കുകയും ചെയ്യുന്നു.<br><br>കൂടാതെ, സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി 3303 സംരംഭങ്ങളും 490.5 കോടി രൂപയുടെ നിക്ഷേപവും 10509 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. |
| (ബി) | മേൽപ്പറഞ്ഞതിൽ ഓരോ പദ്ധതിക്കും അനുവദിച്ചിട്ടുള്ള തുക, പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | (ബി) | മറുപടി (എ) പാർട്ടിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ